കൊണ്ടോട്ടി പഞ്ചായത്ത് നഗരസഭയായി ഉയർത്തണമെന്ന ആവശ്യം

107. [872] ശ്രീ. കെ.എൻ.എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊണ്ടോട്ടി പഞ്ചായത്ത് നഗരസഭയായി ഉയർത്തണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കൊണ്ടോട്ടി നഗരസഭ രൂപീകരണത്തിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി) കൊണ്ടോട്ടി, നെടിയിരിപ്പ്, പുളിക്കിൽ, പള്ളിക്കൽ, ചെറുകാവ് എന്നീ പഞ്ചായത്തുകൾ സംയോജിപ്പിച്ചുകൊണ്ട് കരിപ്പൂർ മുനിസിപ്പാലിറ്റി രൂപീകരിക്കണമെന്ന ഒരു നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ട്. നിവേദക കക്ഷിയെ കോഴിക്കോട് ഉത്തരമേഖല നഗരകാര്യ ജോയിന്റ് ഡയറക്ടർ നേരിൽ കേട്ടിട്ടുള്ളതാണെങ്കിലും ഈ ആവശ്യത്തിനടിസ്ഥാനമായ വസ്തുതകളോ, രേഖകളോ, മറ്റു വിവരങ്ങളോ ഹരജിക്കാരൻ ഹാജരാക്കിയിരുന്നില്ല. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും കൊണ്ടോട്ടി ആസ്ഥാനമായി ഒരു മുനിസിപ്പാലിറ്റി രൂപീകരിക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയും ചെയ്തു.

കരുവട്ടൂർ ഗ്രാമപഞ്ചായത്ത് നിയമവിധേയമല്ലാതെ ഓണറേറിയം നല്കിയതിനെതിരെ നടപടി

108. [873] ശ്രീ. യു.സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കരുവട്ടൂർ ഗ്രാമപഞ്ചായത്ത് ലൈബ്രേറിയന് നിയമവിധേയമല്ലാതെ ഓണറേറിയം നൽകിയ തുക തിരിച്ചു പിടിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(ബി) ഇങ്ങനെ ഉത്തരവാദിത്വരഹിതമായി പ്രവർത്തിച്ച ഉദ്യോഗസ്ഥർക്കെതിരെ നിയമനടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) പതിനൊന്നിന പരിപാടിയിൽ നിർമ്മിച്ചിട്ടുള്ള സാംസ്കാരിക നിലയങ്ങളിൽ ലൈബ്രേറിയൻമാരെ നിയോഗിക്കേണ്ട വ്യവസ്ഥ പ്രകാരമല്ല കരുവട്ടൂർ ഗ്രാമപഞ്ചായത്തിൽ ലൈബ്രേറിയനെ നിയോഗിച്ചിട്ടുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കുറ്റക്കാർക്കെതിരെയുള്ള അച്ചടക്ക

LIBRARY ARCHIVES Kerala Legislative Assembly

നടപടികളുടേയും ഓണറേറിയമായി നൽകിയ തുക തിരികെ പിടിക്കുന്നതിന്റേയും ഭാഗമായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ വിശദീകരണം വാങ്ങി പരിശോധിച്ചു വരികയാണ്.

(ബി) അച്ചടക്ക നടപടികളുടെ ഭാഗമായി ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും വിശദീകരണം വാങ്ങിയിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു.

ബില്ല് സമ്പ്രദായം

109. [874] ശ്രീ. കെ.കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-02 മുതൽ 2004-2005 വരെയുള്ള ഓരോ വർഷവും ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് പ്ലാൻ ഗ്രാന്റ് ഇൻ എയിഡ് ആയി ബഡ്ജറ്റിൽ വകയിരുത്തിയ തുക, വിതരണം ചെയ്ത തുക എന്നിവ എത്ര വീതമെന്ന് വ്യക്തമാക്കാമോ ;

(ബി) അതിൽനിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾ ചെലവഴിച്ച തുക, ചെലവഴിക്കാത്ത തുക, തിരികെ നൽകിയത് എന്നിവ എത്ര വീതമെന്ന് വ്യക്തമാക്കാമോ ;

(സി) പദ്ധതി തുക ട്രഷറിയിൽ നിന്നും പിൻവലിക്കുന്നതിന് ബില്ല് സമ്പ്രദായം എപ്പോൾ മുതലാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത് ;

(ഡി) ഇതിനുമുന്നോടിയായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടതെന്നും അവയിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നാളിതുവരെ പൂർത്തിയാക്കിയെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) 2001-02 മുതൽ 2004-05 വരെയുള്ള വർഷങ്ങളിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ആർ.ഐ.ഡി.എഫ്. വിഹിതം ഉൾപ്പെടെ പ്ലാൻ ഗ്രാന്റായി ബഡ്ജറ്റിൽ വകയിരുത്തിയ വിഹിതവും നല്കിയ വിഹിതവും അനുബന്ധമായി ചേർക്കുന്നു. †

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ബില്ല് സമ്പ്രദായം 1-12-2004 മുതൽ നടപ്പിലാക്കി.

(ഡി) ബില്ല് സമ്പ്രദായം സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം 'കില' വഴി നൽകുകയും അതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly